ബ്രോഷറുകളിലും ഓണാഘോഷം വളരെ പ്രാധാന്യം നൽകി പ്രചരിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഒട്ടേറെ ടൂർ പാക്കേജുകളും കേരളത്തിനകത്തും പുറത്തുമുള്ള ടൂർ ഓപ്പറേറ്റർമാർ നടത്തിവരുന്നു. ഇക്കാരണങ്ങളാൽ ഓണാഘോഷത്തിൽ നിന്നും സർക്കാർ വിട്ടുനിന്നാൽ അത് കേരള ടൂറിസത്തിന്റെ വിശ്വാസ്യതയ്ക്ക് കോട്ടം വരുത്തുകയും ഒപ്പം ടൂറിസത്തിന്റെ ഇപ്പോഴുള്ള വളർച്ചയെ സാരമായി ബാധിക്കുകയും ചെയ്യും. ആയതിനാൽ ഓണാഘോഷം സർക്കാർ തലത്തിൽ നടത്തണമെന്നതാണ് സർക്കാരിന്റെ നിലപാട്.

സ്വകാര്യസംരംഭകർക്ക് കൈമാറാനുദ്ദേശിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ

83 [2072] ശ്രീ. മത്തായി ചാക്കോ:
,, വി. കെ. ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ്ഹൗസുകളോ മറ്റേതെങ്കിലും സ്ഥാപനങ്ങളോ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വകാര്യ സംരംഭകരെ കണ്ടെത്തി കൈമാറാൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാരകേന്ദ്രങ്ങളും സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് കേന്ദ്രങ്ങൾ കൈമാറാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) മറ്റ് ഏതെങ്കിലും ഏജൻസികളുടെ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കാനുദ്ദേശിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണ്?

ഉത്തരം

(എ) ഇല്ല.

(ബി) 1. തിരുനെല്ലി യാത്രി നിവാസ്,
2. കൊണ്ടോട്ടി യാത്രി നിവാസ്
3. കാലടി യാത്രിനിവാസ്
4. തലപ്പാടി വഴിയോരവിശ്രമകേന്ദ്രം
5. വാളറ വഴിയോര വിശ്രമകേന്ദ്രം

(സി) മേൽപ്പറഞ്ഞ യൂണിറ്റുകൾ പാട്ടവ്യവസ്ഥയിൽ ടെണ്ടറിലൂടെയാണ് സ്വകാര്യസംരംഭകർക്ക് നടത്തിപ്പിനായി കൈമാറാൻ ഉദ്ദേശിക്കുന്നത്. ഇവ കൈമാറ്റം ചെയ്യപ്പെടുമ്പോൾ പ്രധാനമായും താഴെ പറയുന്ന കാര്യങ്ങളാണ് നിഷ്കർഷിക്കാൻ ഉദ്ദേശിക്കുന്നത്:

1. വസ്തുവകകളും ടൂറിസം വകുപ്പിന്റെ അധീനതയിൽ തന്നെയായിരിക്കുമെങ്കിലും ലേലം കൊണ്ടയാളിന് കാലാകാലം വ്യവസ്ഥകൾ പ്രകാരം യൂണിറ്റ് പ്രവർത്തിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. ഈ വസ്തുവകകൾ പണയപ്പെടുത്തുവാൻ പാട്ടക്കാരന് അവകാശമില്ലാത്തതാണ്.

3. പാട്ടക്കാലാവധി തീരുന്ന മുറയ്ക്കോ അതല്ലെങ്കിൽ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം യൂണിറ്റുകൾ സർക്കാരിനെ തിരിച്ചേൽപ്പിക്കേണ്ടതാണ്.

(ഡി) 1. വേളി അമ്യൂസ്മെന്റ് പാർക്ക്.
2. കൊച്ചിയിലെ മറീനയുടെ വികസനം.
3. എഡ്യുറെയിൻമെന്റ് കോംപ്ലക്സ്, കൊച്ചി.
4. അന്തർദേശീയ കൺവെൻഷൻ സെന്റർ.

ടൂറിസം വികസനത്തിനായി സിനിമാ നിർമ്മാണം

84 [2073] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനം ലക്ഷ്യമാക്കി പ്രചരണ പ്രവർത്തനങ്ങൾക്കായി എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്നു വിശദമാക്കുമോ;

(ബി) ഓരോ വർഷവും പരസ്യ ഇനത്തിൽ ടൂറിസം വകുപ്പ് എത്ര സംഖ്യ ചെലവഴിക്കുന്നുവെന്നു വ്യക്തമാക്കാമോ; 2001 മുതൽ കഴിഞ്ഞ നാലു വർഷങ്ങളിലായി ഓരോ വർഷവും എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്;

(സി) വദേശരാജ്യങ്ങളിൽ സംസ്ഥാന ടൂറിസം വകുപ്പ് പരസ്യം ചെയ്യുന്നുണ്ടോ; ഇതിനായി ഓരോ വർഷവും എത്ര തുക ചെലവഴിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) പരസ്യ പ്രചരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും പ്രത്യേക സഹായം ലഭിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) ടൂറിസം വികസനം ലക്ഷ്യമാക്കി പ്രചരണ പ്രവർത്തനങ്ങൾക്കായി ദേശീയതലത്തിലും അന്തർദേശീയതലത്തിലും പ്രധാനപ്പെട്ട പത്രങ്ങൾ, ടൂറിസം മാഗസിനുകൾ, പ്രധാനപ്പെട്ട ടെലിവിഷൻ ചാനലുകൾ എന്നിവയിൽ പരസ്യങ്ങൾ നൽകി വരുന്നു. കൂടാതെ ഇൻറർനെറ്റ് വഴിയും വകുപ്പ് പരസ്യം നൽകിവരുന്നുണ്ട്. പുറമേ വിദേശത്തും ഇന്ത്യയിലും നടക്കുന്ന പ്രധാനപ്പെട്ട ടൂറിസം മേളകളിൽ വകുപ്പ് പങ്കെടുക്കുന്നുണ്ട്. ദേശീയതലത്തിലും അന്തർദേശീയതലത്തിലും റോഡ് ഷോകൾ സംഘടിപ്പിക്കുന്നു. ലോകത്തിലെ പ്രധാനപ്പെട്ട ടൂറിസം രംഗത്തെ ട്രാവൽ പ്രസിദ്ധീകരണങ്ങളിലെ എഴുത്തുകാരെ ക്ഷണിച്ചുവരുത്തി നമ്മുടെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ കുറിച്ചുള്ള ലേഖനങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ കേരളത്തിൽ ടൂറിസം പ്രൊമോഷന്റെ ഭാഗമായി കേരള ട്രാവൽമാർട്ട്, മലബാർ ട്രാവൽമാർട്ട്, ഇന്ത്യാ ഇൻറർനാഷണൽ ബോട്ട് ഷോ തുടങ്ങിയവ സംഘടിപ്പിക്കുന്നു. കേരളത്തെക്കുറിച്ചുള്ള ബ്രോഷറുകളും, സി. ഡി. കളും നിർമ്മിച്ച് ദേശീയ അന്തർദേശീയ തലത്തിൽ വിതരണം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly